*e - magazine*

# 0101

## zero one zero one

## CBHSS VALLIKUNNU

little KITEs Reg. no: LK/2018/19068



## സമർപ്പണം

"അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"
കുമാരനാശാൻ

പേമാരി പ്രളയമായ് പെയ്തിറങ്ങി പ്രകൃതിസംഹാര താണ്ഡവമാടിയപ്പോൾ ജീവനും സ്വത്തും സകലതും നഷ്ടപ്പെട്ട സഹോദരങ്ങൾക്കും,സ്വന്തം ജീവൻപോലും നഷ്ടപ്പെടുമെന്ന ബോധമുണ്ടായിട്ടും അനേകം ജീവനുകളെ രക്ഷിക്കാൻ കഠിനമായി പരിശ്രമിക്കുകയും ഇടയ്ക്കെപ്പോഴോ ജീവൻ നഷ്ടമാവുകയും ചെയ്ത പ്രിയ സഹോദരങ്ങൾക്കായി

സമർപ്പിക്കുന്നു.....

# EDITORIAL

| | | |
|---|---|---|
| രക്ഷാധികാരി | : | എ . പി . ബാലകൃഷ്ണൻ (മാനേജർ) |
| എഡിറ്റിങ് ഇൻ ചീഫ് | : | കൃഷ്ണാനന്ദൻ ചാമപ്പറമ്പിൽ (പ്രിൻസിപ്പാൾ) |
| എക്സിക്യൂട്ടീവ് എഡിറ്റർ | : | രമ പാറോൽ ( ഹെഡ്മിസ്ട്രസ് ) |
| സ്റ്റാഫ് എഡിറ്റർ | : | മനോജ്. പി. കെ  (മലയാളം) |
| എഡിറ്റർ | : | ഉല്ലാസ്. യു. ജി (കൈറ്റ് മാസ്റ്റർ) |
| | : | സംഗീത. സി. പി (കൈറ്റ് മിസ്ട്രസ്) |
| ക്രിയേറ്റീവ് ടീംസ് | : | ടീം ലിറ്റിൽ കൈറ്റ്സ് |

## താളുകൾ തുടങ്ങുമ്പോൾ

വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ലോകമെമ്പാടുമുള്ള കോടാനുകോടി ജനങ്ങൾ പ്രയോജനപ്പെടുത്തി. അനുസ്യൂതം പുരോഗതിയിലേക്ക് കുതിക്കുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളിലും അതിൻെറ അലയൊലികൾ നമ്മുക്ക് കാണുവാൻ സാധിക്കും. സാമ്പത്തികമായി പിന്നോക്ക അവസ്ഥയിലുള്ളവരും ഗ്രാമീണമേഖലയിലുള്ളവരുമായ കുട്ടികൾക്ക് വിവരസാങ്കേതികവിദ്യ ഇന്ന് അപ്രാപ്യമല്ലാതായിരിക്കുന്നു. ഒട്ടുമിക്ക വിദ്യാലയങ്ങളിലും ഹൈടെക് ക്ലാസ്സുറികൾ സജ്ജമാക്കികൊണ്ടിരിക്കുന്നു. നമ്മുടെ വിദ്യാലയമാകട്ടെ ഈ കാര്യത്തിൽ അഭിനന്ദനാർഹമായ നേട്ടം കൈവരിച്ചിരിക്കുന്നു. മുഴുവൻ ക്ലാസ് മുറികളും ഹൈടെക് ക്ലാസ്സ് മുറികളായി മാറിയിരിക്കുന്നു. ഇത്തരം ക്ലാസുകളുടെ പരിപാലനവും സ്കൂൾ ഐ. ടി. ലാബ് സജ്ജീകരണം, പരിപാലനം, മറ്റു ഐ. ടി അധിഷ്ഠിത പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ കുട്ടികളുടെ കൂട്ടായ്മ ഉണ്ടാക്കിയിരിക്കുന്നു. ഒട്ടനവധി പ്രവർത്തനങ്ങൾ വിജയകരമാക്കിയ ഇവരുടെ ഏറ്റവും പുതിയ സംരംഭമാണ് ഡിജിറ്റൽ മാഗസിൻ എന്നത്. ഈ പ്രഥമ സംരംഭത്തിന് പങ്കാളികളായവരും സഹായങ്ങൾ നല്കിയവരും ആയ എല്ലാവർക്കും അഭിനന്ദനങ്ങളും ഒപ്പം ഈ സംരംഭം വൻ വിജയമാവട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

**എഡിറ്റർ**



**Team little KITEs**
**C.B.H.S.S.VALLIKUNNU**
**MALAPPURAM**

# സന്ദേശം



വിദ്യാഭ്യാസത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം
പരിവർത്തനം ആണ്, അർത്ഥപൂർണ്ണവും
ആസ്വാദ്യകരവുമായ അനുഭവം ഉണ്ടാക്കുക എന്നതാണ്
ഞങ്ങളുടെ പരിശ്രമം. സി.ബി. ഹയർ സെക്കന്ററി സ്കൂളിലെ
ഞങ്ങളുടെ പരിശ്രമം ഫലപ്രാപ്തി കണ്ടു എന്നതിന്റെ ഒരു
ഉത്തമോദാഹരണമാണ് ഈ മാഗസിൻ

**കൃഷ്ണാനന്ദൻ ചാമപ്പറമ്പിൽ**
പ്രിൻസിപ്പൽ

---



ഇന്നത്തെ വിദ്യാർത്ഥി ഒരു വ്യക്തിയാണ്, സ്വയം
ആദരവ്, ഉത്തരവാദിത്വം സാഹാനുഭൂതിയുടെ
വികാരങ്ങളുള്ള ഒരു യഥാർത്ഥ വ്യക്തി. കുട്ടികളുടെ
വ്യക്തിത്വവും ക്രിയാത്മകതയും നവീകരണവും നാം
വിലമതിക്കുന്നു. സൃഷ്ടിപരമായി ജിജ്ഞാസുക്കളായ
വിദ്യാർത്ഥികളെ ഞങ്ങൾ പിന്താങ്ങുന്നു ഇതിന്റെയെല്ലാം
പ്രതിഫലനമായി ഈ മാഗസിനെ കാണുന്നു

**രമ പാറോൽ**
ഹെഡ്മിസ്ട്രസ്



# 0101

# ചന്തൻ ബ്രദേഴ്സ് ഹയർ സെക്കന്ററി സ്കൂൾ വള്ളിക്കുന്ന്

**ഉള്ളടക്കം**

ഡിജിറ്റൽ കാലത്തെ അധ്യാപനം..........9

സോഷ്യൽ മീഡിയ സമയം കൊല്ലിയാകുമ്പോൾ..........17

ജീവിതം..........21

മാപ്പ്...മാപ്പ്...മാപ്പ്..........22

ഓർമ്മയിലെന്നും..........24

നീ മാത്രം..........24

ചോദ്യം തേടുന്ന ഉത്തരം..........25

സമ്മാനപ്പൊതി..........26

ഒരു ജന്മംകൂടി..........28

മരണം കൊണ്ട് വരിക്കണം..........29

ആത്മനൊമ്പരം..........30

വിദ്യ..........31

മനുഷ്യൻ..........32

കവിത..........33

കരിം ഭൂതം..........34

You are special..........38

Beauty of the Rain..........39

ShatteringThoughts..........40

Last day..........41

Black Hole; Site of mystery..........42

# ഡിജിറ്റൽ കാലത്തെ അധ്യാപനം

സൗഹൃദസംഭാഷണം

അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, ഈ ഘടകങ്ങളുടെ സ്വരച്ചേർച്ചയിലാണല്ലോ പൊതുസമൂഹത്തിന്റെ ഗുണമേന്മകൾ നിർണ്ണയിക്കുന്നത്. പുതിയ ഡിജിറ്റൽ ലോകത്തിന്റെ ആവശ്യങ്ങൾ അനുസരിച്ച് സാധ്യതകളെ വികസിപ്പിക്കുന്നതിൽ അധ്യാപകലോകം സജ്ജമാണോ?

രമേശൻ.ടി.തയ്യിൽ

ഡിജിറ്റൽ ലോകത്തിൽ ഒന്നും മനഃപാഠമാക്കേണ്ടതില്ല. അർത്ഥമറിയാതെ കാണാപാഠം പഠിച്ചിരുന്ന രീതി ശരിയായിരുന്നില്ലെങ്കിൽ പോലും പഠിച്ച കാര്യങ്ങൾ പിന്നീട് ജീവിതത്തിൽ പ്രയോജനപ്പെടാറുണ്ട്. പഴയ കാർഷിക ജീവിതാനുഭവങ്ങൾ അധ്യാപകർക്കും കുട്ടികൾക്കും ആത്മ വിശ്വാസം നൽകിയിരുന്നു. ഇതിന്റെ അഭാവം പുതു തലമുറയെ വഴി തെറ്റിക്കുന്നു.

സുധീർ. ടി

കുട്ടികളിൽ കാണുന്ന അച്ചടക്കമില്ലായ്മക്ക് കാരണം മൂല്യച്യുതിയാണ്. ഒരു വ്യക്തിയെ സമഗ്ര വളർച്ചയിലേക്കുയർത്താൻ പുതിയ വിദ്യാഭ്യാസരീതിക്ക് കഴിയുന്നില്ല. മയക്കു മരുന്നുകളുടെ വലയിൽ പെട്ടുപോകുന്ന പുതിയ തലമുറയെ മൂല്യബോധം നൽകി വളർത്തുക എന്നത് അധ്യാപകരുടെ ഉത്തരവാദിത്വമാണ്, പക്ഷേ എന്തും ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയാണ് ഏറ്റവും വലിയ വെല്ലുവിളി.

രാജീവ്. പി.

അധ്യാപകരുടെ സങ്കൽപ്പത്തിലുള്ള കുട്ടികളെ ലഭിക്കുന്നില്ല. ലഭിച്ചാൽ തന്നെ തിരിച്ചറിയാൻ അധ്യാപകന് സാധിക്കുന്നുമില്ല. ഈഗോയുടെ മൂർധന്യത്തിൽ

നിന്നും അധ്യാപകർ ഇറങ്ങി വരേണ്ടതുണ്ട്. കുട്ടികളുമായി അടുത്തിടപഴകി തങ്ങളുടെ സങ്കൽപ്പത്തിനനുസരിച്ച് മൂല്യബോധമുള്ള തലമുറയെ വളർത്താൻ അധ്യാപകർ വല്ലാതെ അധ്വാനിക്കേണ്ടതുണ്ട്.

രമ്യ



മൂല്യങ്ങൾ അടിച്ചേൽപ്പിക്കാൻ പാടില്ല. കുട്ടികൾ സ്വയം നേടിയെടുക്കണം. കുട്ടിയുടെ കാഴ്ചപ്പാടിലൂടെയുള്ള അധ്യാപകരെ കണ്ടെത്താൻ നമുക്ക് സാധിക്കണം. കുട്ടികൾ വർത്തമാനകാലത്ത് ജീവിക്കട്ടെ. മൂല്യചിന്ത വളർത്തുന്ന പുരാണകഥകളും മറ്റും സ്വീകരിക്കാൻ കഴിയാത്ത വിധം പുതിയ തലമുറ അതിവേഗം

മാറിക്കൊണ്ടിരിക്കുന്നു. അധ്യാപകർതന്നെയാണ് മാറേണ്ടത്. എന്റെ വിഷയമായ ബയോളജി ഏറ്റവും ആഹ്ലാദകരമായി അവതരിപ്പിക്കാൻ പുതിയ ഡിജിറ്റൽ ക്ലാസ് റൂം വളരെ പ്രയോജനകരമാണ്. സൗഹൃദപൂർണ്ണമായി കുട്ടികളെ ഉൾക്കൊള്ളാനും അംഗീകരിക്കാനും കഴിയുന്ന വിധത്തിൽ എല്ലാ അർത്ഥത്തിലും അധ്യാപകർ ഗ്ലാമർ ആവേണ്ടതുണ്ട്.

മുഹമ്മദ് ഷബീർ

കുട്ടികളുടെ പ്രതീക്ഷക്കനുസരിച്ച് മാറാൻ അധ്്ാപകർ സന്നദ്ധരാവണം. കുട്ടികളുമായി അടുത്തിടപഴകി അവരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കിയാലേ അതിനനുസരിച്ച് പ്രവർത്തിക്കാനാവൂ. അധ്യാപനം ആഹ്ലാദകരമാണ്.

മനോജ്. പി. കെ.

ഗുരു സങ്കൽപ്പം നഷ്ടപ്പെട്ടു. മൂല്യം നശിച്ചു. പാശ്ചാത്യ ലോകങ്ങളിൽ മൂല്യബോധം വളർത്തുന്നതിനായി പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നിണ്ട്. മാതൃകാപരമായ പെരുമാറ്റ ശീലങ്ങൾ പഠിപ്പിക്കാൻ ഇത് സഹായകരമാണ്.

വിനോദ് കുമാർ കെ. ജി.

നമ്മുടെ തനതു സംസ്കാരത്തിൽ നിന്നും നാം അകന്നു പോയി. മികച്ച പുസ്തകങ്ങൾ, നടോടി കലാരൂപങ്ങൾ, സാഹിത്യങ്ങൾ, ഇവ പരിചയപ്പെടാൻ വായനാശീലം വളർത്തണം. അധ്യാപകരും കുട്ടികളും വായനയുടെ ഒരു സംസ്കാരം തിരിച്ചുപിടിക്കണം

സുനിത

വീട്ടിലും സ് കൂളിലും കുട്ടികൾക്ക് സ്നേഹവും ആശ്വാസവും ലഭിക്കാത്ത അവസ്ഥയുണ്ട്. ഉപദേശങ്ങൾ കേൾക്കാൻ അവർക്ക് താത്പര്യമില്ല. നല്ല പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകണം.

ജനീഷ് പി. ടി

അധ്യാപനം ആഹ്ലാദകരമായ അനുഭവമാണ്. പൊതുവെ കുട്ടികളും അധ്യാപകരും അസംതൃപ്തരാണ്. രക്ഷിതാക്കളും അധ്യാപകരും റോൾ മോഡൽ ആകണം. കൃത്യനിഷ്ഠ, അച്ചടക്കം, സഹകരണം സാമൂഹ്യബോധം മനുഷ്യത്വം ഇവയെല്ലാം ഇന്ന് അധ്യാപകരിൽ ഭൂരിപക്ഷത്തിനും കൈമോശം വന്നിരിക്കുന്നു. ഇത് പരിഹരിച്ച് കൊണ്ടേ അധ്യാപകർക്കും രക്ഷിതാക്കൾക്കും മാതൃകയാകാൻ സാധിക്കൂ.തീർച്ചയായും കുട്ടികളെ മികവിൻെറ ലോകത്തിലേക്കെത്തിക്കാൻ ഒരധ്യാപകന് സാധിക്കും

പ്രഭിത കെ. പി



കുട്ടികൾക്ക് അധ്യാപകരോട് ആദരവില്ല. വ്യത്യസ്തരായ പുതുതലമുറ കുട്ടികളെ നല്ല സാമൂഹ്യജീവിയാക്കി മാറ്റുന്ന വിധത്തിൽ പഠിപ്പിക്കുക എന്നത് അധ്യാപകർ നേരിടുന്ന വെല്ലുവിളി.

പൊതു വിദ്യാഭ്യാസ സംരക്ഷണം എന്ന സർക്കാരിന്റെ ലക്ഷ്യം യാഥാർത്ഥ്യമാകുന്നുണ്ടോ? പഴയകാല ക്ലാസ് പഠനരീതിയിൽ നിന്നും പുതിയ പഠനരീതികൾ വിദ്യാർത്ഥി കേന്ദ്രീകൃതമാണോ? ഡിജിറ്റൽ ക്ലാസ് മുറി കുട്ടികൾക്ക് അറിവും ആഹ്ലാദവും പകർന്നു നൽകുന്നതിൽ വിജയിച്ചിട്ടുണ്ടോ? മാഗസിനു വേണ്ടി കുട്ടികൾ നടത്തിയ സംഭാഷണത്തിൽ നിന്നും.



# വിദ്യാലയങ്ങളിൽ സയൻസ് ക്ലബ്ബുകളുടെ പ്രാധാന്യം

വിദ്യാർത്ഥികളിൽ ശാസ്ത്രീയ കാഴ്ചപ്പാടും അറിവും ഉണ്ടാകുവാനായ് വിദ്യാലയങ്ങളിൽ ഇന്ന് ശാസ്ത്ര ക്ലബ്ബുകൾ (science club) പ്രവർത്തിച്ചു വരുന്നുണ്ട്. സയൻസ് ക്ലബ്ബുകൾക്ക് പുറമെ ഗണിതശാസ്ത്ര ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്, പരിസ്ഥിതി ക്ലബ്ബ് എന്നിവയും സമാന്തരമായി പ്രവർത്തിക്കുന്നു. ശാസ്ത്ര അഭിരുചിയും താത്പര്യവും ഉണ്ടാക്കുവാൻ സ്കൂൾ സയൻസ് ക്ലബ്ബുകൾക്ക് വളരെ പ്രധാന്യമുണ്ട്. കുറെയധികം പ്രവർത്തനങ്ങൾ സയൻസ് ക്ലബ്ബിലൂടെ വിദ്യാലയങ്ങളിൽ നടപ്പാക്കാറുണ്ട്. പരിസ്ഥിതി ക്ലബ്ബ്, ഫോറസ്റ്റട്രീ ക്ലബ്ബ് എന്നിവയും സയൻസ് ക്ലബ്ബുമായി ചേർന്ന് പ്രവർത്തിക്കുന്നവയാണ്

ഈ അവസരങ്ങളിൽ സയൻസ് ക്ലബ്ബുകളുടെ പ്രധാന്യത്തെ കുറിച്ച് ഒന്ന് മനസ്സിലാക്കാം


വിദ്യാർത്ഥികളിൽ വിശാലമായ ശാസ്ത്രീയ ചിന്താഗതികളും ധാരണകളും രൂപപ്പെടുത്തുന്നതിനും അതിലൂടെ ക്ലാസ്റൂം പഠനത്തെ യാഥാർത്ഥ്യവൽക്കരിക്കുന്നതിനും സാധിക്കുന്നു.

തങ്ങൾക്ക് ലഭിച്ച ശാസ്ത്രീയ അറിവുകൾ പ്രയോഗിക്കാനുള്ള അവസരം കണ്ടെത്തുകയും അതിലൂടെ വിദ്യാലയവും സമൂഹവും തമ്മിൽ ചേർന്ന് പ്രവർത്തിക്കാനുള്ള അവസരങ്ങളൊരുക്കുവാനും സാധിക്കുന്നു. സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഉണർന്ന് പ്രവർത്തിക്കാനുള്ള ഒരു സജീവ ഗ്രൂപ്പിനെ ഒരുക്കാൻ സാധിക്കുന്നു.

വിദ്യാർത്ഥികളിൽ സ്വയം പര്യാപ്തമായ ശീലങ്ങൾ വളർത്തിയെടുക്കാനും അതിലൂടെ അവരുടെ ചിന്താഗതികളെ ശരിയായ ദിശയിൽ എത്തിക്കാനും സാധിക്കുന്നു. പരിസ്ഥിതി സൗഹാർദമായ കവറുകൾ, പേനകൾ എന്നിവയുടെ ഉപയോഗം ഉദാഹരണങ്ങളാണ്.

വിദ്യാർത്ഥികളിൽ ആരോഗ്യകരമായ മനോഭാവങ്ങൾ രൂപപ്പെടുത്തി മറ്റു വിദ്യാർത്ഥികൾക്കുകൂടി പ്രയോജനം ചെയ്യുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാനു സാധിക്കുന്നു.

ഉയർന്ന നിലവാരമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവരുടെ സേവനം മറ്റു വിദ്യാർത്ഥികൾക്കും വിദ്യാലയത്തിനും പൊതുസമൂഹത്തിനും ലഭ്യമാക്കാൻ സാധിക്കുന്നു.



വിദ്യാർത്ഥികളിൽ സമയത്തിന്റെ മൂല്യവും അവർക്ക് ലഭിച്ചിരുന്ന സമയം കൃത്യമായും ശരിയായും വിനിയോഗിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി പ്രവർത്തിക്കാൻ സാധിക്കുന്നു. സമയബന്ധിതമായി ഏറ്റെടുക്കുന്ന പ്രർത്തനങ്ങളിലൂടെയുള്ള ഈ അനുഭവം ഭാവിയിൽ അവർക്ക് വളരെ ഗുണം ചെയ്യുമെന്നതിന് സംശയമില്ല.

ചർച്ചകളിലൂടെയും സെമിനാറുകളിലൂടെയും പല കണ്ടുപിടത്തങ്ങളേയും അവയ്ക്ക് പിന്നിൽ പ്രവർത്തിച്ച മഹാന്മാരെകുറിച്ചുള്ള അറിവുകൾ ലഭ്യമാക്കുന്നു. സമയബന്ധിതമായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതിൻെറ പ്രധാന്യം അവരിലുണ്ടാക്കാൻ സാധിക്കുന്നു. ഇന്നത്തെ സ്വാർത്ഥ രീതിയിലുള്ള വിദ്യാഭ്യാസ ചിന്താഗതികളിൽ നിന്നുള്ള ഒരു വ്യതിചലനമായ് അവരിൽ ഇത് മാറിയേക്കാം. ഇതിന് ദിനാചരങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

തൻെറ ചുറ്റുപാടുകളേയും പരിസ്ഥിതിയേയും കുറിച്ചുണ്ടാകുന്ന അറിവ് ശരിയായ രീതിയിൽ കാര്യങ്ങളെ മനസ്സിലാക്കാനും പ്രതികരിക്കാനുമുള്ള ബോധം സൃഷ്ടിക്കുന്നു. ശാസ്ത്രീയ രീതിയിൽ പ്രശ്നങ്ങളെ പരിഹരിക്കാനുള്ള ചിന്താരീതി ഉടലെടുക്കുന്നു.

അശാസ്ത്രീയ രീതിയിലുള്ള കാര്യങ്ങളെ തിരിച്ചറിയാനും ഓരോന്നിൻെറയും പുറകിലുള്ള ശാസ്ത്രീയ കാരണങ്ങൾ മനസ്സിലാക്കാനും ശ്രമിക്കുന്നു. പഠിച്ച അറിവുകൾ വിനോദത്തിനും വിജ്ഞാനത്തിനും പ്രയോജനപ്പെടുത്തി പഠനം എളുപ്പവും താത്പര്യമുള്ളതുമായി മാറ്റാൻ സാധിക്കുന്നു. ശാസ്ത്രീയ കാഴ്ചപ്പാടുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കുന്നു.

ഗ്രൂപ്പ് പ്രവർത്തനങ്ങളിലെ സജീവ പങ്കാളിത്തം കാര്യങ്ങളെ വ്യക്തമായും സ്പഷ്ടമായും അവതരിപ്പിക്കാനുള്ള കഴിവ് വളർത്തിയെടുക്കുന്നു. ഭാവിയിൽ മത്സര പരീക്ഷകൾക്കും അഭിമുഖത്തിനുള്ള ഒരു തയ്യാറെടുപ്പോടുകൂടി ഇതിലൂടെ സാധിക്കുന്നു. മാത്രമല്ല ഓരോ പ്രശ്നങ്ങളോടും തൻേറതായ കാഴ്ചപ്പാട് വ്യക്തമായി പറയാനുള്ള ക്രിയാശേഷി കൂടി ലഭ്യമാവുന്നു.

വിദ്യാർത്ഥികൾക്ക് ഏറ്റവും പുതിയ കണ്ടുപിടുത്തതേയും സയൻസിലുണ്ടായ ഏറ്റവും പുതിയ വികാസത്തേയും പ്രതിപാദിക്കാനുള്ള അവസരം ലഭിക്കുന്നു.

മനോജ് കെ. ടി.

# സോഷ്യൽ മീഡിയ സമയം കൊല്ലിയാകുമ്പോൾ




ലോകം ഒരു വിരൽ തുമ്പിലേക്ക് ഒതുങ്ങിക്കൊണ്ടിരിക്കുകയാണ്. സോഷ്യൽ മീഡിയ എന്ന ആശയ വിനിമയ മാധ്യമം ലോകർക്കിടയിൽ വ്യാപിച്ചു കഴിഞ്ഞു. ഓരോദിനം കഴിയുന്തോറും ലോകം മാറിക്കൊണ്ടിരിക്കുന്നു. സാങ്കേതിക വിദ്യയുടെ ഉപകരണങ്ങളുമായി ഗവേഷകർ വളർന്ന് കൊണ്ടിരിക്കുന്നു. സാങ്കേതിക വിദ്യയിൽ ഏവരെയും ഏറെ ആകർഷിച്ചലയാണ് ഫേസ്ബുക്ക്, വാട്സ് ആപ്പ്, ട്വിറ്റർ, സ്മാർട്ട് ഫോൺ, കമ്പ്യൂട്ടർ മുതലായവ. ഇവ കുട്ടികളെയും കൗമാരക്കാരെയും വയോധികരെയും ഒരു പോലെ ആകർഷിച്ചവയാണ്.

ലോകം സാങ്കേതിക വിദ്യയിലൂടെ വിജയം കണ്ടെത്തിയെന്ന് ആഹ്ലാദിക്കുമ്പോൾ നമ്മുടെ ആത്മീയതയ്ക്ക് അത് കോട്ടംവരുത്തി. സമൂഹത്തെക്കുറിച്ച് പഠിക്കേണ്ട കുട്ടികൾ ടാബ്ലറ്റുകളിലും സ്മാർട്ട് ഫോണുകളിലുമാണ് സമയം ചെലവഴിക്കുന്നത്ട



ഇൻറർനെറ്റ് നമുക്ക് ഉപകാരവും ഉപദ്രവും നൽകുന്നുണ്ട്. കാരണം പ്രോജക്ടുകൾ ഫയലാക്കാനും മറ്റു വിഷയങ്ങൾ മറ്റുള്ളവരിലേക്ക് മെയിൽ ചെയ്യാനും ഇൻറർനെറ്റ് ഉപകരിക്കുമ്പോൾ, കുട്ടികൾ അത് നെഗറ്റീവ് തലമാണ് ഉപയോഗിക്കുന്നത് ഗെയിമിൽ സമയം കളയാനും മറ്റു അശ്ലീല സൈറ്റുകൾ തുറക്കാനും തൻെറ കാമുകിയോട് ചാറ്റിംഗ് നടത്താനുമാണ് കുട്ടികൾക്ക് താത്പര്യം. ആത്മീയമായി ഒരുപാട് നന്മകൾ ചെയ്യേണ്ട സമയമാണിത്. ഒരിക്കലും

മൊബൈലിൽ ഒതുങ്ങിക്കൂടരുത്. നാം ഒരു കാര്യം മറന്ന് പോകരുത്. നമ്മുടെ കേരളഫ്രീക്കന്മാരുടെ പ്രധാനഹോബിയാണ് ഫുട്ബോളും ക്രിക്കറ്റും അതും ലോകകപ്പ് ഫുട്ബോളോ, ചാമ്പ്യൻസ് ലീഗ് ക്രിക്കറ്റോ ആണെങ്കിൽ കേരളം പയ്യൻമാർക്ക് ഉത്സവമാണ്. നമ്മുടെ കുട്ടികൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുമ്പോൾ നാം ശ്രദ്ധിക്കണം. അത് അവരെ തിന്മയിലേക്കാണ് കൊണ്ടുപോകുന്നത്.



വരും കാലങ്ങളിൽ അധികപേരും കഴുത്തിന്റെ അസുഖം മൂലമായിരിക്കും ഡോക്ടറുടെ മുമ്പിൽ ക്യൂ നിൽക്കുക. കാരണം മൊബൈലിലേക്ക് നോക്കിയിരുന്ന് തല വളഞ്ഞിട്ടായിരിക്കും അധികപേരും. ഇങ്ങനെയുള്ള ഒരു കാഴ്ച ഒരിക്കൽ കാണാൻ ഇടയായി. ഒരു പ്രധാനപ്പെട്ട റെയിൽവേസ്റ്റേഷനിൽ പോയപ്പോൾ അത്ഭുതപ്പെട്ടുപോയി. സ്റ്റേഷനിൽ ഇരിക്കുന്ന എല്ലാവരുടേയും തല അടിയിലേക്കായിരുന്നു. പിന്നെയാണ് കാര്യം മനസ്സിലായത് എല്ലാവരും മൊബൈലിൽ നീക്കിക്കൊണ്ടിരിക്കുകയാണ് എന്ന്. ഇതാണ് മനുഷ്യരുടെ അവസ്ഥ.

ഈ മാധ്യമം വന്നതോടെ അയൽവാസികൾ തമ്മിലുള്ള സൗഹൃദത്തിന് വിരാമമിട്ടു. കുടുംബബന്ധം നിശ്ചലമായി. എല്ലാവരും ആധുനിക ഉപകരണത്തിന് അടിമയായി.

ഒരിക്കൽ ഒരു കുട്ടി വീട്ടുപടിക്കലിരുന്ന ഫോണിൽ കളിച്ചുകൊണ്ടിരിക്കുമ്പോഴാണ് അവന്റെ മുന്നിലൂടെ ഒരു മയ്യത്ത് കൊണ്ടുപോകുന്നത്. അവൻ വീണ്ടും ഫോണിൽ മുഴുകി. പിറ്റേ ദിവസം അവനിലേക്ക് വന്ന മെസ്സേജ് നോക്കിയപ്പോഴാണ് തന്റെ അയൽവാസിയാണ് മരണപെട്ടതെന്ന് അറിയുന്നത്. ഇതാണ് നമ്മുടെ മക്കൾ ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കേണ്ടവർക്കെ നൽകാവൂ. ഇതെല്ലാം മാറ്റിവച്ച് സമൂഹത്തിലേക്ക് ഇറങ്ങുക, ഒരുങ്ങുക, നമ്മുടെ സമയം നഷ്ടപ്പെടുത്താതെ ഹൃദയശുദ്ധീകരണത്തിന് വേണ്ടി പരിശ്രമിക്കുക ഇതിലൂടെ മാത്രമേ വിജയം കൈവരിക്കാനാകൂ.

അമൃത വിജിത്ത്.ടി

IX – F

# ജീവിതം

ജീവിതവീഥിയിൽ മാഞ്ഞുപോയ കാൽപാടുകൾ

ഒരുപാടൊരുപാട് നഷ്ട സ്വപ്നങ്ങൾ

ആരേയും കാത്ത് നിൽക്കാതെ

പുതിയ നൂറ്റാണ്ടിലേക്കോടുന്ന ഘടികാരസൂചികൾ

ആർത്തട്ടഹാസത്തോടെ, കരയിൽ

ആഞ്ഞടിക്കുന്ന തിരമാലകൾ



പക്ഷിക്കൂട്ടങ്ങളുടെ കളകൂജനങ്ങൾ

മിന്നിതിളങ്ങുന്ന നക്ഷത്രങ്ങൾ

മുളങ്കാടിന്റെ നേർത്ത ശബ്ദങ്ങൾ

കാടിനെ ധന്യമാക്കുന്ന കാട്ടാറുകൾ

ഉദയാസ്തമയ പ്രക്രിയ തുടരുന്ന

സൂര്യചന്ദ്രാദികൾ

ഓർമ്മിക്കുവാൻ, സ്നേഹത്തിൽ ചാലിച്ച കുറേ

നിമിഷങ്ങൾ നൽകി.....

സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും കോറിയിട്ട

കുറച്ച് കടലാസ് കഷ്ണങ്ങൾ മാത്രം

ബാക്കിയാവുന്നു.

പുതുമയുടെ പതിവുകാർ നടന്നു നീങ്ങുന്നു

പഴമയുടെ ഗന്ധവും പേറി...

കഴിഞ്ഞ കാലം, കൊഴിഞ്ഞ ഓർമ്മകൾ

മടങ്ങാൻ കഴിഞ്ഞിരുന്നെങ്കിൽ...

# മാപ്പ്... മാപ്പ്... മാപ്പ്

നിൻെറ നെഞ്ചുകീറി ഞാൻ-

അഹങ്കാരത്തിൻ കൊട്ടാരം കെട്ടി

നിൻെറ മാറിൽ കുഴിച്ചു ഞാൻ

നീയൊളിപ്പിച്ച ദാഹത്തിൻ ഉറവ വറ്റിച്ചു

ആണ്ടുകളായി നീയുണർത്തിയ കിനാക്കളും

ഹരിതാഭയെ ഞാൻ വെട്ടിനുറുക്കു...

നിൻെറ ദാഹം തീർക്കാനനുവദിച്ചില്ല ഞാൻ,

നിന്നിൻ നിറച്ചു ഞാൻ ദാർഷ്ട്യത്തിൻ പ്ലാസ്റ്റിക്



കൺകുളുപ്പിച്ച നിന്നുടെ ചേലയാം

വയലേലകളെ ഞാൻ മണ്ണിൽ കുളിപ്പിച്ച

നീ പെറ്റ ചേലേറും നിന്നുടെ മക്കളെ...

തേടിപിടിച്ച ഞാൻ കാത്തിരിക്കയായി

വെട്ടിപ്പിടിച്ചടക്കി മുന്നോട്ടായ് ഞാനേറുമ്പോൾ

ഓർത്തില്ലതോരോന്നും നഷ്ടമെന്ന്...

കാത്തുകാത്തിരുന്ന നീ കോപം തീർക്കുമെന്ന്

മാപ്പന്റെ മാതേ, ഭൂമി മാതേ...

മാപ്പ്... മാപ്പ്...മാപ്പ്....

ആർഷ. പി XI-A



# ഓർമ്മയിലെന്നും

# നീ മാത്രം...

സുന്ദരമാം നിന്നുടെ ഓർമ്മകളിൽ
ഏകാകിയായ് ഞാൻ നിൽക്കവെ
മനസിൽ സ്നേഹത്തിൻ വർണ്ണക്കൂട്ടു-
കളെറിഞ്ഞു നീ പോകയോ
പള്ളിക്കൂടത്തിൻ പടിവാതിലിലൂടെ
കരങ്ങൾ കോർത്തു നാം പോയതും
കാലൊന്നിടറുമ്പോൾ എനിക്കു
താങ്ങായി നീ നിന്നതും
ഇന്നു ഞാനായ ചില്ലിലൂടെ ഞാൻ കാണുന്നു
ഞാനായി എന്നിലായ് എൻെറ കൂടെയായ്
നടന്ന നിന്നെയപ്പോഴെനിക്കു നഷ്ടമായ്
നാമെന്ന പേരു കേട്ട നാവിൽ
ഞാനെന്ന മന്ത്രം മാത്രമായി....



ശില്പ. സി X- J

# ചോദ്യം തേടുന്ന ഉത്തരം

ഉത്തരമൊരുങ്ങാനൊരു
ചോദ്യം വേണം
ചോദ്യമുതിർക്കാനൊരു
കർത്താവും
രണ്ടുമൊരുങ്ങിയാൽ
കേൾവിക്കായ് ജനം വേണം
ചോദ്യവുമുത്തരവും
അകവും പുറവുമാകാൻ
പാകതയെന്നൊരു
ദേവതയും വേണം

അനല കൃഷ്ണൻ , IX - A



# സമ്മാനപ്പൊതി

അവനെത്തുമ്പോഴേക്കും എല്ലാം കഴിഞ്ഞിരിക്കുന്നു....

അവസാനത്തെപിടച്ചിൽ അവൻെറ മടിത്തട്ട് തേടിയപോലെ കൈത്തലം നീട്ടിപ്പിടിച്ചിരുന്നു.

ആ മരവിച്ച കൈത്തലത്തിൽ തലോടി തനിക്കായി കാത്തുനിന്ന അവളുടെ നെറുകയിൽ ഒരു ചുംബനം നൽകാൻ അവശനെങ്കിലും അവൻ ആഗ്രഹിച്ചു.

അവസാനത്തേത്

ഏറ്റവും അവസാനത്തേത്...



അവൾ ആഗ്രഹിച്ച പോലെ ചേതനയില്ലാത്ത അവളെ കത്തിച്ചുകളയരുത്.

കുട്ടികൾ കീറിമുറിച്ച് പഠിക്കട്ടെ എന്നു അവൾ പൊട്ടിച്ചിരിച്ചത് അവൻെറ കാതിൽ വന്നലച്ചു.

എന്തെങ്കിലും ചെയ്യണം അവൻ അവളുടെ കൈപ്പത്തിക്കട്ടുത്തു കുഴഞ്ഞിരുന്നു.

സൂര്യകാന്തിപ്പാടങ്ങൾക്കു നടുവിൽവെച്ച് അവളുടെ നുണക്കുഴിയിൽ ചുംബിച്ചത് അവന് ഓർമ്മ വന്നു. അതേ ചൂടോടെ അവസാനചുംബനവും തരണമെന്ന് അവൾ കളി പറഞ്ഞിരുന്നു

വിറക്കുന്ന വറ്റിയ അധരങ്ങളോടെ അവൻ അവളുടെ മുഖം തിരഞ്ഞു.

കൂടി നിന്നവർ അലമുറയിട്ടു കരയുന്നുണ്ടായിരുന്നു.

അവളുടെ മുഖം ഉടലിൽ കാണാതെ അവൻ പരിഭ്രാന്തരായി.

അവളില്ലാത്ത അവളുടെ ശിഷ്ടഭാഗങ്ങൾ ഉറ്റവർ കൊണ്ടുപോകുന്നത്.

അവൻ ആരുമല്ലാത്തവനായി നോക്കിനിന്നു. ഹൃദയങ്ങളെഴുതിയ ഉടമ്പടി പരസ്യം ചെയ്യുന്നതെന്തിന് എന്ന അവളുടെ കുസൃതി അവനെ ആഴത്തിൽ നുള്ളിയ പോലെ അവൻ പിടഞ്ഞു അവളെന്റെതാണ് എന്ന അവന്റെ അലർച്ച ആകാശത്തിന്റെ പാളികളിൽ തട്ടി പ്രതിധ്വനിച്ചു അവൾ അവനായി കരുതിയ സമ്മാനപ്പൊതി ഉടലിൽ നിന്നു വേർപെട്ട തലക്കരികിൽ

ചെളിയിൽ കിടന്നത് ആരും കണ്ടില്ല.



# ഒരു ജന്മംകൂടി

സുഗന്ധമില്ലാത്ത പനിനീർമൊട്ട്

എൻെറ പേരിൽ സ്പന്ദനമറിഞ്ഞ നാൾ

തളിർത്തു സ്വപ്നങ്ങളും പ്രതീക്ഷകളും

വെള്ളത്തുള്ളി നിനക്ക് ജീവനേകി

കാറ്റുനിന്നെ തലോടി

സൂര്യൻ കവചമേകി

എനിക്കൊപ്പം ഭൂമിയും നിനക്കായ് കാത്തുനിന്നു

ജീവൻ കാർന്നു തിന്നാൻ ഒരു പുഴുവായ്,

വിധിയെത്തിയപ്പോൾ....

എൻെറയുടൽ നോക്കാതെ നിന്നെയത് കവർന്നു

ലോകം കാണാതെ

എനിക്ക് പൂർണത നൽകാതെ

കണ്ണു നിറയെ കാണാൻ എന്നെ അനുവദിക്കാതെ

നീ യാത്രയായി

നിൻെറ ലോകത്തേക്ക്...

രേഷ്മ. എ , XII – B

# മരണം കൊണ്ട് വരിക്കണം



ഒരു യാത്ര പോകണം
രാമന്റെ യാത്ര പോലെയല്ല
മുൻപിലും പിൻപിലും
ബന്ധങ്ങളില്ലാതെ തികച്ചും
വേഷങ്ങളില്ലാതെ തികച്ചും
വേഷങ്ങളെല്ലാം ഊരിയെറിഞ്ഞിട്ട
ഒരജ്ഞാത യാത്ര
കടത്തിണ്ണകളുടെ
സ്വാതന്ത്ര്യത്തിൽ കിടന്ന്
ബാക്കിവെച്ച ഉറക്കം
തിരികെ പിടിക്കണം
വഴിച്ചോറ് വാങ്ങി സമൃദ്ധിയുടെ പാപ
ഉണ്ടു തീർക്കണം
ആൾക്കൂട്ടത്തിൽ തനിച്ചിരുന്ന്.
നെയ്ത സ്വപ്നങ്ങളെ സ്വാതന്ത്ര്യമാക്കണം, പിന്നെ
കാപട്യങ്ങളെ തുറന്നു കാട്ടാൻ
വഴിയരികിലെന്റെ മരണം
വരച്ചു വെക്കണം

# ആത്മനൊമ്പരം



തന്നാധിപത്യമാ ചന്ദ്രനെയേൽപ്പിച്ച്

ആദിത്യനിന്നും മടങ്ങയായോ

നെറ്റിയിൽ കുങ്കുമം ചാർത്തിയ സന്ധ്യതൻ,

നൊമ്പരം ആരുണ്ടറിഞ്ഞീടുവാൻ

ചെന്നിറം തന്നിൽ പകർന്നുകൊണ്ടൊഴിയും

സന്ധ്യതൻ നൊമ്പരം പങ്കിടുമ്പോൾ,

അറിയിന്നു സന്ധ്യേ...

ഞാനും നിൻ ഉൾത്തടത്തിൽ

പതിയുന്ന നിൻ നൊമ്പരങ്ങൾ...

അറിയുമോ, ഞാനും നിന്നോപ്പൊലൊരു ദുഃഖപുത്രി

ഒരു പേന ളുമ്പാലി കടലാസുതുണ്ടിൽ

കുറിക്കുവാനാവില്ല നിൻ കദനഭാരം...

എങ്കിലും ഞാനൊരു പാഴ്ശ്രമം ചെയ്യുന്നു

നിൻ നൊമ്പരത്തെ പകർത്തുവാനായ്...

കഴിയില്ലയെങ്കിലും എന്തിനാവോ...

ആഷ്‌ലി. കെ , XI - A

# വിദ്യ

മനസിൻെറ പൂന്തോപ്പിൽ മധുരമാണ് വിദ്യ
അമ്മതൻ വാക്കിൻ തലോടലായി എൻ-
മനസിൽ നിറയും വരിയായി
മിന്നാമിന്നി വെട്ടം പോൽ വെളിച്ചമായി-
മനസിൽ എങ്ങോ ഒഴുകുന്ന നീ
നിന്നിലേക്കത്താനായി ദൂരങ്ങൾ താണ്ടി-
ഞാൻ ഒടുവിൽ നിന്നിലേക്കായലിഞ്ഞു ഞാൻ
നിന്നെ കണ്ടറിഞ്ഞ ഞാൻ ലോകത്തിൽ-
വലിയവനാകുമ്പോൾ നിന്നിൽ ഞാനഭിമാനിതനാകുന്നു
സ്മരണ തൻ ദൂരസാഗരം തേടും

അഭിഷ. പി , XI-D



# മനുഷ്യൻ

തനിച്ചിരിക്കുമ്പോൾ അതാ അവിടെ അങ്ങ് ദൂരെ ഒരു തേങ്ങൽ കേൾക്കുന്നുണ്ടോ....

ജീവനോടെ കുഴിച്ച് മൂടിയ ഒരു ചോരകുഞ്ഞിൻെറ തേങ്ങൽ

വിശപ്പ് തളർത്തി തളർത്തി കൊന്നുകളഞ്ഞ ഒരു തെരുവിൻെറ തേങ്ങൽ...

കപട വാക്കുകളുടെ പുറത്ത് പ്രണയം നെഞ്ചിലേറ്റി മരിച്ച് ഒരു പെൺകുട്ടിയുടെ


തേങ്ങൽ....


ഇല്ല നിങ്ങൾ കേൾക്കുന്നില്ല...

മറ്റുള്ളവരുടെ ദുഃഖങ്ങൾ കാണാതെ പോയതും...

കരയുന്ന മനസ്സ് നോക്കി നീ ചിരിച്ചതും...

ആർഷ.പി , XI-D





# കവിത

അന്തിമയങ്ങും നേരത്ത്

ചന്തമെഴുന്നു മാനത്ത്

പാറും കുരുവീ നീ എവിടെ

പാറി പാറി പോകുന്നു

കൂട്ടിൽ മക്കൾ രണ്ട്

കൂട്ടിനു മറ്റൊരു കിളിയുണ്ട്

അങ്ങോട്ടല്ലോ പാറുന്നു

അവിടെ ഉറങ്ങാൻ പോകുന്നു

അനുശ്രീ. കെ. വി., XI-D

# കരിം ഭൂതം

(പ്രേതാനുഭവങ്ങൾ)



കരിയാത്തൻ കാവിൻെറ കഥകൾ കേട്ട് വളരാത്ത ഒരു കുട്ടിയും എൻെറ നാട്ടിലുണ്ടായിരുന്നില്ല. ഇലഞ്ഞിയും പാലയും കരിമ്പനയും വള്ളിപടർപ്പുകളുമായുള്ള വിശാലമായ പറമ്പിലാണ് കാവും അംമ്പലവും മരിച്ചവരുടെ പ്രേതാത്മക്കളും കുട്ടിച്ചാത്തനുമാണ് കാവിനുള്ളിലെ മൂർത്തികൾ.തൊട്ടടുത്ത അമ്പലത്തിൽ ഭദ്രകാളിയും , വഴിപാടു മറന്നാൽ ദുർമരണം, അശ്രുദ്ധമായി പ്രവേശിച്ചാൽ അപകടം അങ്ങിനെ ഒരുപാട് വിശ്വാസങ്ങൾ! രാത്രിയായാൽ പ്രേതാത്മാക്കൾ സൈ്വര്യ വിഹാരം നടത്തുന്ന സമയത്ത് അങ്ങോട്ടേക്ക് എത്തിനോക്കാൻപോലും പാടില്ല. നാരാണിയമ്മ ഭ്രാന്തിയായത്ശ്രുദ്ധിയില്ലാതെ അമ്പലത്തിൽ പോയതുകൊണ്ടാണത്രേ.......കൃഷ്ണകുറുപ്പ് കാവിനെ കുറിച്ച് എന്തൊ കളിയാക്കി പറഞ്ഞു. പിറ്റേന്ന് ആ നേരമാവുമ്പേഴേക്കും കുഴഞ്ഞ് വീണ് മരിച്ചു. അങ്ങിനെ എന്തെല്ലാം കഥകൾ!!

റോഡ് തൊട്ട് വിശാലമായ പറമ്പിലാണ് കാവും അമ്പലവും, തൊട്ടടുത്ത് ഒരു വീട് പോലും ഇല്ല.റോഡിൽ നിന്നും അകലെയായിട്ടാണ് കാവും അമ്പലവും. എന്നാൽ കരിമ്പന ഇലഞ്ഞിമരങ്ങൾ റോഡിനോട് ചേർന്ന പറമ്പിൽ തന്നെയുണ്ട്.

സ്കൂളിലേക്ക് പോകുന്ന കുട്ടികൾ ഒറ്റക്കാണെങ്കിൽ ആരെങ്കിലും വരുന്ന വരെ കാത്തു നിൽക്കും. അല്ലെങ്കിൽ തല തിരിച്ചിട്ട് ഒരു ഓട്ടം വെക്കും. കാവിൽ രണ്ട് കുരങ്ങൻമാരുണ്ട്. പക്ഷേ അവയെ കണ്ടു കിട്ടാൻ വളരെ പ്രയാസമാണ്. ഒരിക്കൽ സ്കൂളിലേക്ക് നടന്നുപോകുമ്പോൾ അവ രണ്ടും കൂടി ഇലഞ്ഞി മരത്തിലിരിക്കുന്നു.........! ഞാൻ അതെൻെറ കൂട്ടുകാരനു കാണിച്ചു കൊടുത്തു.

എടാ.................!കാവിനെ നോക്കി കൈ ചൂണ്ടാൻ പാടില്ല.....! അവൻ പറഞ്ഞു.

ഞാനതിന് കുരങ്ങനെല്ലേ ചൂണ്ടിയത്...എന്നാലും കവിൻെറ നേരെ ചൂണ്ടിയാൽ ഒന്നുകിൽ വിരൽ കടിച്ച് വേദനിപ്പിക്കണം... അല്ലെങ്കിൽ ചാണകവെള്ളം കാലിൽ ഒഴിക്കണം.....

കൂട്ടുകാരൻ ഭയത്തോടെ പറഞ്ഞു. ഹും ...! എനിക്കതാണല്ലോ പണി ഞാൻ പരിഹസിച്ചു. എന്നാ നോക്കിക്കോ....!! പിന്നെ സ് ക്കൂളിലെത്തുന്നതു വരെ വാദപ്രതിവാദങ്ങളായിരുന്നു. ഉച്ചക്ക് വിവരം അറിഞ്ഞ മറ്റു കൂട്ടുകാർ എന്നെ രക്ഷിക്കാനായി അവർ തന്നെ ചാണകവെള്ളം കലക്കി കൊണ്ടു തരാമെന്നു വരെ പറഞ്ഞുനോക്കി. പക്ഷേ ഞാൻ സമ്മതിച്ചില്ല. വൈകുന്നേരം വീട്ടിലെത്തിയപ്പോൾ അച്ഛൻ ഒരു കത്ത് കൂട്ടുകാരനു കൊടുക്കുവാൻ അമ്മയെ ഏൽപ്പിച്ചിട്ടുണ്ടായിരുന്നു. അത് ഞങ്ങളുടെ സ് ക്കൂളിൽ നിന്ന് പിന്നെ പോവാനുണ്ടായിരുന്നു. കുറച്ചു കഴിഞ്ഞ് പോവാം എന്ന് പറഞ്ഞ് കളിക്കുവാൻ പോയി. കളിയിൽ മുഴുകിയപ്പോൾ കത്തിൻെറ കാര്യം തന്നെ മറന്ു പോയി. ഓർമ്മ വന്നപ്പോഴേക്കും സമയം ഏറെ വൈകിയിട്ടുണ്ടായിരുന്നു. അച്ഛനോട് ചീത്ത കേൾക്കുമെന്ന് ഭയന്ന് ഉടൻ കത്തുമായി പറപറന്നു. റോഡിലെത്തിയപ്പോൾ ഭാഗ്യ......! സ് ക്കൂളിനടുത്ത് കച്ചവടം ചെയ്യുന്ന മമ്മദ്ക്ക സൈക്കിളുമായി പോവുന്നുണ്ടായിരുന്നു. ഉടൻ അയാളുടെ സൈക്കിളിൻെറ പുറകിൽ കയറി കൂടി. പോകുന്ന വഴിയിൽ എന്തെല്ലാമോ കഥകൾ പറഞ്ഞ് കൊണ്ട് കരിയാത്തൻ കാവ് കഴിഞ്ഞത് അറിഞ്ഞില്ല. സ്കൂളിൻെറ അടുത്ത് നിന്ന് പിന്നേയും ഒരു കിലോമിറ്ററോളം ദൂരം പോവണം നവംബർ മാസമാണ്. പക്ഷേ മഴക്കാലം

പോലെ പെട്ടെന്ന് മാനം കറുത്തു നന്നായി കാറ്റു വീശി തുടങ്ങി. പരമാവധി വേഗത്തിൽ നടന്നും ഓടിയും ഞാൻ മുന്നോട്ട് നീങ്ങി. മഴ തുള്ളിയിൽ ഇറ്റിറ്റ് വീഴാൻ തുടങ്ങിയിരിക്കുന്നു. മഴ പെയ്യുമെന്ന് ഉറപ്പിച്ചു. എന്ത് ചെയ്യും? കുടയും ടോർച്ചും എടുത്തിട്ടില്ലല്ലോ. ഞാൻ എന്നോടു തന്നെ ചോദിച്ചു. പെട്ടെന്ന് ദൂരെ നിന്നും മഴ ആർത്തിരമ്പി വരുന്ന ശബ്ദം കേട്ടു. പരമാവധി വേഗത്തിൽ ഓടി, തൊട്ട് തൊട്ടില്ല എന്ന രീതിയിൽ മഴയുടെ ശബ്ദം പുറേയും. അച്ഛൻെറ കൂട്ടുകാരൻെറ ഉമ്മറത്ത് കയറലും മഴ കനത്ത് പെയ്യുവാൻ തുടങ്ങി. ശക്തമായ കാറ്റും ചെകിടടിപ്പിക്കുന്ന ഇടിയും മിന്നലും ! ആകെ പേടിയായി എങ്ങിനെ പോവും? നന്നായി ഇരുട്ടായിരിക്കുന്നു.

ആ വീട്ടിൽ ഒരമ്മയും രണ്ട് ചേച്ചിമാരും ആയിരുന്നു ഉണ്ടായിരുന്നത്. അവർ സ്നേഹത്തോടെ ചായയും പലഹാരവും തന്നു. രണ്ട് മണിക്കൂറോളം മഴയും കാറ്റും തകർത്ത് പെയ്തശേഷം മഴ അൽപം വിട്ടപ്പോൾ ഞാൻ പോവാൻ തിരക്ക് കൂട്ടി. അവർ ഒരു കുടയും ടോർച്ചും തന്നു. റോഡിലാകെ മഴവെള്ളം കുത്തിയൊലിക്കുന്നു. മാവിൻെറ കൊമ്പുകൾ കവുങ്ങ് റോഡിൽ വീണു കിടക്കുന്നു. അമ്മ ശരിക്കും പേടിച്ചു കാണും! മഴ വെള്ളം കാരണം വേഗത്തിൽ നടക്കാനും കഴിയുന്നില്ല. സ്കൂളിനടുത്ത് എത്തിയപ്പോൾ ഒരു മിന്നൽ പിണർ പോലെ രാവിലത്തെ കാര്യങ്ങൾ ഓർമ്മ വന്നത്. സമയം 9 മണിയോടടുത്ത് കാണും. നല്ല ഇരുട്ട് റോഡ് വിജനമായിരിക്കുന്നു. തവളകളുടേയും ചീവിടിന്റേയും നിലയ്ക്കാത്ത ശബ്ദം. മഴ ഏതാണ്ട് ചോർന്ന് കഴിഞ്ഞു. പക്ഷേ മരങ്ങളിൽ നിന്ന് മഴത്തുള്ളികൾ ഇറ്റിറ്റ് വീഴുന്ന ശബ്ദം നിലച്ചിരുന്നില്ല. കരിയാത്തൻ കാവ് ഒരു ഞെട്ടലോടെ ഓർത്തു. ഭൂത പ്രേതങ്ങളുള്ള കാവിനെ അപമാനിച്ചാൽ അവർ എന്തായാലും നിന്നോട് പ്രതികാരം ചെയ്യും! രാവിലത്തെ കൂട്ടുകാരൻെറ ആത്മഗതം ഓർമ്മ വന്നു. പെട്ടെന്നുള്ള ഒരു കത്തും അപ്രതീക്ഷിതമായ മഴയും.. ഒറ്റക്കാക്കി എന്നെ വിളിച്ചു വരുത്തി ചോര കുടിക്കാനുള്ള തന്ത്രമായിരിക്കുമോ? ഒരു ഞെട്ടൽ! അവിടെ എത്തിയാൽ ഓടാം.. അമ്മ പേടിക്കുന്നുണ്ടാവും ഞാൻ മുന്നോട്ട് നടന്നു. ഓടിയിട്ട് ഒരു കാര്യവും ഇല്ല. കാവിൻെറ ഉള്ളിൽ നിന്നും ഒരു കൈ നീണ്ടു വരും... എന്നിട്ട് കളിയാക്കിയവരെ കഴുത്തിന് പിടിച്ച് കാവിലേക്ക് കൊണ്ടു പോയി... ചോര കുടിക്കും

മറ്റൊരു കൂട്ടുകാരൻ പറഞ്ഞത് മനസ്സിലേക്കെത്തി.

അമ്പലപറമ്പ് തുടങ്ങാറായി. നല്ല ഇരുട്ട് ചീവീടുകൾ പേടിപ്പെടുത്തുന്ന രീതിയിൽ ശബ്ദമുണ്ടാക്കുന്നു. കഥകൾ വല്ലാതെ കീഴ്പെടുത്തിയിരിക്കുന്നു. അടുത്ത നിമിഷം എന്തോ സംഭവിക്കാൻ പോവുന്നുവെന്ന് മനസ്സ് ഉറപ്പിച്ചു പറഞ്ഞു. ഏതാനും അടി മുന്നോട്ട് നടന്ന് ഓടാൻ തയ്യാറായപ്പോൾ ...കാവിൽ നിന്നും ഒരു അട്ടഹാസം .

ങ് റി....! ങ് റി....! ഹി...ഹീ ...!!!

സകല നാഡീ ഞരമ്പുകളും സ്തംഭിച്ചു പോയി. ശരീരമാകെ ഒരു വിറയൽ ... പേടിച്ച് ശബ്ദം വന്ന ഭാഗത്തേക്ക് നോക്കി. കരിമ്പനയാകെ ഇളകിയാടുന്നു. അവിടെനിന്ന് നിരവധി പ്രേതങ്ങളുടെ കണ്ണുകൾ... തിളങ്ങുന്നു.ശരീരമാകെ മരവിപ്പ്... അപ്പോൾ എല്ലാം.... സത്യമായിരുന്നു...!!! ഇനി എനിക്ക് ഏതാനം നിമിഷങ്ങളേയുള്ളു .... പ്രേതങ്ങളുടെ കറുത്ത കൈകൾ കരിമ്പനയുടെ മുകളിലേക്കെടുക്കുവാൻ ...ഏതു നിമിഷവും നീണ്ടു വരും ....!!! ശ്വാസം നിലക്കുന്നത് പോലെ ങ് റി....! ങ് റി....! ഹി...ഹീ ...!!! അട്ടഹാസം നിർത്താതെ തുടർന്നു .... പനയുടെ കുലകൾ .... യക്ഷിയുടെ നീണ്ട മുടിപോലെ ഇളകിയാടുന്നുണ്ടായിരുന്നു ...! പക്ഷെ നിമിഷങ്ങൾ അറിയാതെ മുന്നോട്ടു നീങ്ങി ....! ഭയത്തിന്റെ തീവ്രതയിൽ ഞാൻ എന്തോ ശബ്ദം ഉണ്ടാക്കി ... ടോർച്ച് കരിമ്പനയുടെ നേരെ നീട്ടി അടിച്ചു.

പനയുടെ കുലകൾക്കിടയിൽ നിരവധി പനമെരുകൾ ...!!! അവ പനങ്കായ കഴിക്കാൻ വന്നപ്പോൾ ഉണ്ടാക്കിയ കടിപിടി ശബ്ദമാണ് അട്ടഹാസമായി തോന്നിയത് ...!! "നിലാവ് കൂടി ഉണ്ടായിരുന്നെങ്കിൽ !... പനയിൽ നിന്ന് യക്ഷി മുടി അഴിച്ചിട്ട് അട്ടഹസിക്കും." എന്ന് കഥകളിൽ വായിച്ചത് എത്ര സത്യം. ശ്വാസം നേരെ വീണു. പ്രേതകങ്ങളെ കൈയോടെ പിടിച്ചതിന്റെ ആവേശം മനസ്സ് നിറയെ നാളെ കൂട്ടുകാരോട് പറയാൻ ഒരുപാട് കഥകളുണ്ടല്ലോ, എന്ന സന്തോഷത്തോടെ സാവകാശം വീട്ടിലേക്കു നടന്നു.

രമേശൻ ടി തയ്യിൽ H.A.S. English

# *You are special*

You are so special to me,
The best friend
I don't know what I do without you
I just realized how amazing you really are !
I just love everything about you:
The secret smile you only show me
The mischievous sparkle in your eyes
You are really special to me
I don't know how much you mean to me!
Well I will never break you heart
Please forgive if I hurt you
I don't mean to hurt you any way
Well, I truely care for you
always Love you…
always Love you…
I will always Love you…
You are really special to me
You are my best friend forever!

Raniya.M.P

# Beauty of the Rain


The day begins what a rain!
It is a beautiful day.
The flowers and trees are showing their happiness
The rain drops are falling in the
Petals of flowers and leaves.
The water is flowing throughout the
channels of the trees
it gives a beautiful scenary !
The soil is wet, it gives a smell
The rain is falling with lots of hopes andwishes,
it continues whole day.
When night comes
The moon is covered with the rain clouds
the day is going to end.
I hope tomorrow also,
begins with the same atmosphere.

Vismaya Raj, XI-E

# Shattering Thoughts

I wake up from the bed
From darkness to shining sun
Lot of thoughts come to my mind
What to speak?
Past and Present flashes through
But still I am in confusion
What to speak?
Love, Care, Trust, Power, Politics
Discipline, Tolerance, Unity;
Topics come in a flash
Suddently some forces pull me back.
I can't utter a single word
Yes, I forget everything!
Still I live my dream to speak
And not to leave it alone.

Rajmohan.P.T, HSST



# Last day

Stop the clocks and let the time stand still!
We don't want the day to end,
So tell the sun to stop setting,
We will make endlesss memories
in the orange- golden sky.
The air is filled with pain,
But we will laugh to cover it up
Everything is so beautifully painful,
We don't want to say goodbye.
We had our laughs,
they felt like summer's breeze
We had our fights.
They were like hurricanes.
And we loved,
It was like watching an orchid floating on water.
But now all we do is cry,
We hate to Say, goodbye's
So we will just live in this moment,
freeze it and lock it in our hearts,
we will hold every word we tell each other.
We will be together in our dreams.
It is the last day
the last day to say hello
the last day to say goodbye's
It will former be imprinted in our hearts,
This day!

Fahmida, XII-C

# Black Hole: Site of mystery

Since the beginning of our time here on earth, Man has always expressed fascination and interest in the sky above us and everything beyond. We look out to the unknown in times of awe, happiness, sadness and confusion. It is only recently that our study and understanding of the universe has begun to increase almost exponentially both in pace and possibilities. Whenever he was attracted towards the deeply miraculous space his imaginations flew around it like a bird. Black Holes are considered as one of the recent discovery in the almost age-old study of our universe.

A black hole is a region of space-time exhibiting such strong gravitational effects that nothing not even particles and electromagnetic radiation such as light can escape from inside it. The theory of general relativity predicts that a sufficiently compact mass can deform space-time to form a black hole.

The concept of black holes has been around in loose theory since the late 1700's, when the French Mathematician Pierre Simon wrote about black stars that he called dark bodies. The more commonly used

term these days is black hole - a result of more recent work by the American scientist John Wheeler, among others. Stephen Hawking-The science master of 21 st century has also done a great amount of work on black holes since the 1960's.His contributions to science will be always kept as a gemstone.

A star is defined as a self-illuminating body. When a star runs out of light, it dies. A dead star may do one of many things after its demise. It may shrink until it is a white dwarf (only a few thousand miles or so across- about the size of the earth), it may shrink until it is smaller than a white dwarf and become a neutron star- about 20 miles across (neutron stars have incredible density, about a million tons per square inch). Or, a dead star may continue to shrink until it is simply a point in space with infinite density. This is a black hole. A star shrinks because gravity tries to pull the particles in the star together to make it collapse. If the star is less than two or three solar masses, it usually means that there is enough expulsion principle repulsion to support the star against the pull of gravity. Stars that have masses greater than 3 times the mass of the sun, on the other hand, will most likely turn into black holes.

There are two basic parts to a black hole: the singularity and the event horizon. The event horizon is the "point of no return" around the black hole. It is not a physical surface, but a sphere surrounding the black hole that marks where the escape velocity is equal to the speed of light. Within the gravitational force of a body in space, it takes a certain speed of an object propelled outward from


that body for it to be able to escape, at what is called the escape velocity. On earth, the escape velocity is about 24 thousand miles per hour- that is, the relative speed that any object (say a baseball) would need to reach so that the ever famous saying, what goes up must come down again would no longer apply. If the escape velocity of a star is greater than the speed of light (approximately 300,000 kilometers per second) then nothing, not even light it, can escape from the star.

The limits of anything within a black hole- the point of no return, is called the Event Horizon. Black Holes only suck in everything within this certain distance from its center. Anything outside this horizon would, however, be perfectly safe and could orbit the black hole quite successfully without fear of being sucked in. That means they are not attracted to its centre and is possible to return back (Actually getting near to it is imaginary for us)

Aside from the event horizon, the other major feature of a black hole is in the center. It is the point of singularity. Stephen Hawking says that falling into a black hole would bring you to a region of infinite density and the end of time. Singularity is a point where all the known and understood laws of nature cease to exist. Scientists believe that black holes do strange things to the time and space around them. Outside of a black hole the warping of space causes time it to slow down. If you were to watch a clock fall in to a black hole, the passing of seconds on that clock would slow down as it fell until it passes the event horizon, where you would

essentially see time stop. If, however, a person fell into a black hole, they would not notice any passing of time because literally everything slows down within this area- the person's breathing, thoughts, perception.

Black holes are commonly classified according to their masses. They are super massive blackhole($10^5$ $10^{10}$ MSun),intermediate-mass black hole(10 M Sun),Stellar blackhole(10 M Sun) and micro blackhole(up to Mmoon).




It seems that with all this information on black holes, we should understand them with clarity. And yet, full comprehension of black holes has eluded us, as has much other knowledge concerning the vastness that surrounds us. Some people think black holes are frightening, while others think them marvelous. Some believe black holes contain the ultimate fate of the universe- that is, that everything

will eventually end up being swallowed by a black hole, while still others believe that the radiation leakage from a black hole will eventually allow them to spread out and disappear. Keep in mind, though, that the disappearance of a black hole is not the disappearance of the matter, it is simply the matter in a much less compressed, dense form. The possibilities that come with black holes and the relevant theoretical implications are inspiring. Much of it is the stuff of science fiction novels and movies. They bring us a little closer to understanding the makeup of our universe, !

The movie Interstellar by Christopher Nolan explains about worm hole. A wormhole is a specialized structure linking separate points in space time, and is based on a solution of the Einstein field equations. A wormhole can be visualized as a tunnel with two ends, each at separate points in space time. According to the movie time travel is possible. According to Hawking time travel is a futuristic dilemma, that we can go forward in time but never to past. The calculations of time and predictions are as much complex as that of solving Standard Model Lagrangian. In the book Brief history of time Stephen Hawking explains the phenomena time and about Black holes briefly.

As well as when we are presented with difficult questions about time- a phenomenon which, in a deep understanding, seems to always be just a little beyond our grasp. I am left wondering things like, what exactly is time? Do black holes last forever? Do they eventually collapse on themselves? Can one

black hole swallow another? What would the physical implications of that be? Or would they simply mold into one big black hole? Or will it be another space magic?



While we may not know everything about black holes, what we do know is encouraging. As a race, we have embarked on a mission to understand our environments. The more we learn, the more our knowledge expands and contributes to new levels of comprehension. And while science has led us to many of these discoveries, and even broken down countless boundaries for us. The journey of scientific expeditions will go on and soon we will be able to realize the truth behind the origin of universe.

One of my colleagues asked me how the universe can be form from nothing. There should be something (He actually meant someone) behind it. It

might seem to be true; there might may be some x-factor behind the formation of universe. But modern science is neglecting that. Like big bang, there are many theories evolving about the origin of universe. One thing is true that reveling the properties of black hole is like revealing the properties of universe.

Until that when someone ask why does the universe exist? We may answer like 'maybe it just does'.

Romeo Pallikkara
XI


Thank
you